പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 38 **22-06-2026-ൽ മറുപടിയ്ക്ക്**

ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ള കേസിൽ സി. ബി. ഐ. അന്വേഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. രാജീവ് ചന്ദ്രശേഖർ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ള അന്വേഷിക്കാൻ സി.ബി.ഐ.യെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ബഹു. കേരള ഹൈക്കോടതി സ്വമേധയ എടുത്ത SSCR No.23/2025 കേസ്സിലെ 06.10.2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ള സംബന്ധിച്ച അന്വേഷണത്തിനായി സർക്കാർ എ.ഡി.ജി.പി. ശ്രീ.എച്ച്.വെങ്കടേഷ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപികരിക്കുകയും,കോടതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ടി അന്വേഷണം പുരോഗമിച്ചു വരികയുമാണ്.

(ബി) സി. ബി. ഐ. അന്വേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ